# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5089 30.06.2014-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## സോളാർ തട്ടിപ്പ് കേസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ.കുഞ്ഞിരാമൻ(ഉദുമ)<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | സോളാർ തട്ടിപ്പ് കേസിലെ പ്രതി സരിതയുടെ സാമ്പത്തിക ഉറവിടം സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | അന്വേഷണം നടത്തിയിട്ടുണ്ട്. ടി വിഷയം കോടതിയുടെയും, ഇതു സംബന്ധിച്ച് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെയും പരിഗണനയിലായതിനാൽ വിശദാംശങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |
| (ബി) | സരിതക്കെതിരെ ഉണ്ടായിരുന്ന സാമ്പത്തിക തട്ടിപ്പുകേസുകളിൽ ഇതിനകം പണം നൽകി തീർത്തവ എത്രയാണ്. മൊത്തം എത്ര തുകയ്ക്കുള്ള കേസുകൾ തീർത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; | (ബി) | 2 കേസുകൾ പണം നൽകി ഒത്തുതീർപ്പാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>1. തൊടുപുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ.1333/13 എന്ന കേസിൽ 1,75,000/- രൂപ;<br>2. ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ.771/13 എന്ന കേസിൽ 1,00,000/- രൂപ. |
| (സി) | കേസുകൾ ഒതുക്കി തീർപ്പാക്കാൻ പണം ലഭിച്ച സ്രോതസ്സുകൾ ഏതൊക്കെയാണ്;വിശദമാക്കുമോ: | (സി) | സോളാർ തട്ടിപ്പും അതുമായി ബന്ധപ്പെട്ട കാര്യങ്ങളെയും സംബന്ധിച്ച് സർക്കാർ ജുഡീഷ്യൽ കമ്മീഷനെ നിയോഗിച്ച് അന്വേഷണം പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ഡി) | സോളാറുമായി ബന്ധപ്പെട്ട് പോലീസിൽ പരാതി ലഭിച്ചതും അല്ലാത്തതുമായ തട്ടിപ്പുകൾ സരിത നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്ത് പ്രത്യേക അന്വേഷണ സംഘത്തിന് കൈമാറി അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത പരാതികളിൽ ഉൾപ്പെട്ടിട്ടില്ലാത്ത തട്ടിപ്പുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ